പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.410 27/09/2016-ൽ മറുപടിക്ക്

## ഗാർഹിക വ്യവസായ ഉപഭോഗം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി.കെ.ബഷീർ | | ശ്രീ. കടകം പള്ളി സുരേന്ദ്രൻ (വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
| (എ) | വൈദ്യുതി ഉല്പാദനത്തിൽ കേരളം സ്വയം പര്യാപ്തത കൈവരിച്ചിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | കേരളത്തിൽ ഒരു ദിവസം ഗാർഹിക-വ്യവസായ ഉപഭോഗം എത്ര യൂണിറ്റ് വീതം വൈദ്യുതിയാണെന്ന് വ്യക്ത മാക്കുമോ; | (ബി) | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിലുള്ള ഗാർഹിക ഉപഭോക്താക്കളുടെ പ്രതിദിന ശരാശരി ഉപഭോഗം 2015-16 സാമ്പത്തിക വർഷത്തിൽ 27.168 ദശലക്ഷം യൂണിറ്റും, വ്യാവസായിക ഉപഭോക്താക്കളുടെ ശരാശരി ഉപഭോഗം 10.552 ദശലക്ഷം യൂണിറ്റും ആയിരുന്നു. |
| (സി) | സംസ്ഥാനത്തിന് പുറത്ത് നിന്ന് ദിനംപ്രതി എത്ര യൂണിറ്റ് വൈദ്യുതി-യാണ് വൈദ്യുതി ബോർഡ് വാങ്ങുന്ന-തെന്നും ഇതിന്റെ വില യൂണിറ്റിന് എത്രയാണെന്നും എവിടെ നിന്നെല്ലാം വൈദ്യുതി വാങ്ങുന്നു എന്നുമുള്ള വിവരം വിശദമായി വെളി പ്പെടുത്തുമോ; | (സി) | 2016 ആഗസ്റ്റ് മാസത്തെ കണക്കനുസരിച്ച് സംസ്ഥാനത്തിനു പുറത്തു നിന്നും പ്രതിദിനം വാങ്ങിയ വൈദ്യുതിയുടെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു. |

| സ്രോതസ്സ് | പ്രതിദിന ശരാശരി ലഭ്യത (ദശലക്ഷം യൂണിറ്റിൽ) | ശരാശരി നിരക്ക് (രൂപയിൽ) |
|---|---|---|
| കേന്ദ്രവിഹിതം | 26.38 | 3.50 |
| (I) എൽ.റ്റി.എ. | - | - |
| (എ) മെയ്ത്തൺ പവർ ലിമിറ്റഡ് | 2.81 | 3.89 |
| (ബി) ഡി.വി.സി. (1) മെയ്ജ | 2.20 | 4.09 |
| (2) രഘുനാഥ്പൂർ | 0.609 | 3.22 |
| (II) എം.റ്റി.ഒ.എ | | |

| | | |
|---|---|---|
| (എ) ബാൽകോ | 1.899 | 3.87 |
| (ബി) എൻ.വി.വി.എൻ. | 6.294 | 4.67 |
| (സി) മെയ്ത്തൺ | 2.445 | 3.89 |
| (ഡി) ജിൻഡാൽ | 3.424 | 3.85 |
| (III) പവർ എക്സ്ചേഞ്ച് | 0.032 | 3.58 |
| | **ആകെ** | **46.093** |

| | | | |
|---|---|---|---|
| (ഡി) | കേരളത്തിൽ ആതിരപ്പള്ളി ജല വൈദ്യുത പദ്ധതി സംബന്ധിച്ച സർക്കാർ നയമെന്താണെന്ന് വ്യക്തമാക്കുമോ? | (ഡി) | സമവായത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. |

സെക്ഷൻ ഓഫീസർ